# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുഴൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSR(P5) 1063/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 21/03/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുഴൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR(P5) 1063/2021 തീയ്യതി: 21/03/2022

## തൃശ്ശൂർ ജില്ലയിലെ കുഴൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കുഴൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-10-2019 മുതൽ 16-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 28-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 28-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷീന.കെ.ടി, ഓഡിറ്റ് ഓഫീസർ
ശ്രീ.നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ
ശ്രീ.സിജു.പി.ഡാംസൺ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സലീഷ്.എം.ജി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ധന്യ ദിലീപ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.ശാന്ത ടീച്ചർ | പ്രസിഡന്റ് | 01-04-2019 | 28-06-2019 |
| ഒഴിവ് | പ്രസിഡന്റ് | 29-06-2019 | 24-07-2019 |
| സിൽവി ടീച്ചർ | പ്രസിഡന്റ് | 25-07-2019 | 31-03-2020 |
| ഗ്രേസി.കെ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ഹസീബ് അലി.പി.എം | സെക്രട്ടറി | 25-04-2019 | 20-05-2019 |
| ദുർഗ്ഗദേവി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-05-2019 | 09-06-2019 |
| ഹസീബ് അലി.പി.എം | സെക്രട്ടറി | 10-06-2019 | 12-07-2019 |
| ഗ്രേസി.കെ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-07-2019 | 18-07-2019 |
| സീജ ജോസഫ് | സെക്രട്ടറി | 19-07-2019 | 04-08-2019 |
| സുനിൽ കുമാർ.കെ.യു | സെക്രട്ടറി | 05-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഗ്രേസി. കെ.കെ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| അനുമോൾ രാജു | അസി.എഞ്ചിനീയർ | 01-04-2019 | 24-07-2019 |
| ജമീല .പി. എം | അസി.എഞ്ചിനീയർ | 25-07-2019 | 31-03-2020 |
| സന്ധ്യദേവി. എം | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീലതദേവി .കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 30-04-2019 |
| ജോർജ്ജ് വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-05-2019 | 04-06-2019 |
| ജിഷ്ണു . വി. പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 05-06-2019 | 31-03-2020 |
| ദീപ . വി. എസ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ജെലീറ്റ എൽസ ജേക്കബ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| നിഖിൽ . പി. വി | വി.ഇ ഒ. കുഴൂർ | 01-04-2019 | 31-03-2020 |
| നിഷ . സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീദേവി. പി. എൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 30-09-2019 |

| | | | |
|---|---|---|---|
| ജിംസി . സി. ജോസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-10-2019 | 20-11-2019 |
| ശ്രീദേവി. പി. എൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 21-11-2019 | 31-01-2020 |
| ബിന്ദ്യ. വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-02-2020 | 31-03-2020 |
| സലില . കെ. എസ് | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| മുരളി . വി. പി | വി.ഇ ഒ. കുണ്ടർ | 01-04-2019 | 31-03-2020 |
| സുധ മേനോൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 15-12-2019 |
| സിനി. സി. ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 16-12-2019 | 16-03-2020 |
| സുധ മേനോൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 17-03-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 10-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-01-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 10-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 24-01-2022) | 1-5 |
| 6 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 10-01-2022) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Dhanya Dhileep (Auditor, On 20-07-2021)<br>Last Updated By: Dhanya Dhileep (Auditor, On 20-07-2021) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 10-01-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 24-01-2022) | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ,ഗ്രാന്റ് എന്നിവ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 24-01-2022) | 1-10 |
| 11 | വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 24-01-2022) | 1-11 |
| 12 | വസ്തുനികുതി -റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Dhanya Dhileep (Auditor, On 05-03-2022) | 1-12 |
| 13 | വസ്തുനികുതി നോൺ-റെസിഡൻഷ്യൽ(തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 24-01-2022) | 1-13 |
| 14 | വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 24-01-2022) | 1-14 |
| 15 | ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും | 1-15 |

| | | |
|---|---|---|
| | പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Dhanya Dhileep (Auditor, On 05-03-2022) | |
| 16 | വസ്തുനികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 1-16 |
| 17 | വസ്തുനികുതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 1-17 |
| 18 | ഇല്ലാത്ത മുൻകൂർ തുക ക്രമീകരിച്ചു<br>Written By: Saleesh M.G (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 1-18 |
| 19 | വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 24-01-2022) | 1-19 |
| 20 | ഡി&ഒ രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 10-01-2022) | 1-20 |
| 21 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 24-01-2022) | 1-21 |
| 22 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 1-22 |
| 23 | വസ്തുനികുതി-അഡ്വാൻസ് തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു<br>Written By: Saleesh M.G (Asst. Audit Officer, On 29-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 10-01-2022) | 1-23 |
| 24 | സ്റ്റോക്ക് രജിസ്റ്ററിലെ ന്യൂനതകൾ<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 24-01-2022) | 1-24 |
| 25 | എഴുതി തള്ളിയ തുകകൾക്കും,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഇല്ല<br>Written By: Saleesh M.G (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 1-25 |
| 26 | ജേണൽ വൗച്ചർ-ആധികാരിക രേഖകൾ ഇല്ല<br>Written By: Saleesh M.G (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 24-01-2022) | 1-26 |
| 27 | തൊഴിൽ നികുതി - നികുതി നിർണ്ണയം നിശ്ചിത സ്ലാബിൽ ആണെന്ന് ഉറപ്പുവരുത്തേണ്ടതാണ്<br>Written By: Dhanya Dhileep (Auditor, On 27-07-2021)<br>Last Updated By: Sheena K T (Audit Officer, On 24-01-2022) | 1-27 |
| 28 | വസ്തുനികുതി നിർണ്ണയം-അപാകതകൾ<br>Written By: Dhanya Dhileep (Auditor, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 1-28 |
| 29 | അംഗീകൃത വാടക ബൈലോ നിലവിലില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 27-07-2021)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 1-29 |
| 30 | കന്നുകുട്ടിപരിപാലനം-തുക വിനിയോഗം സംബന്ധിച്ച്<br>Written By: Saleesh M.G (Asst. Audit Officer, On 27-07-2021)<br>Last Updated By: Sheena K T (Audit Officer, On 24-01-2022) | 1-30 |
| 31 | ലൈഫ് ഭവനപദ്ധതി നിർമാണം-ഗുണഭോക്താവിന് പദ്ധതി വിഹിതം | 1-31 |

| | | |
|---|---|---|
| | അധികം നൽകി.<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | |
| 32 | മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.<br>Written By: Nirmal K G (Audit Officer, On 27-07-2021)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 1-32 |
| 33 | എസ്റ്റിമേറ്റ് ,സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കാതെയും കരാറിലേർപ്പെടാതെയും തുക നൽകി<br>Written By: Siju P. Damson (Asst. Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 1-33 |
| 34 | പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട കാര്യങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ-നിയമവിരുദ്ധമായി ജി എസ് ടി ഈടാക്കി- 51431 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 1-34 |
| 35 | ആശ്രയ ഭവനം മെയിന്റനൻസ്- അസി.എഞ്ചിനീയറുടെ വാല്യുവേഷൻ ഇല്ലാതെ തുക നൽകി-ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 1-35 |
| 36 | പൊതുവിഭാഗത്തിന് നല്കിയ വായ്പയിലേക്ക് എസ് സി പി ഫണ്ടിൽ നിന്നും തിരിച്ചടവിന് തുക കുറവ് ചെയ്തു<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ലൈഫ് ഭവനപദ്ധതി നിർമാണം-ഗുണഭോക്താവിന് പദ്ധതി വിഹിതം അധികം നൽകി.<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 20-07-2021)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 20-07-2021)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 20-07-2021)<br>Last Updated By: Sheena K T (Audit Officer, On 25-07-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sheena K T (Audit Officer, On 20-07-2021)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Sheena K T (Audit Officer, On 20-07-2021)<br>Last Updated By: Sheena K T (Audit Officer, On 25-07-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sheena K T (Audit Officer, On 20-07-2021) | 4-6 |

| | | |
|---|---|---|
| | Last Updated By: Sheena K T (Audit Officer, On 21-03-2022) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sheena K T (Audit Officer, On 20-07-2021)<br>Last Updated By: Sheena K T (Audit Officer, On 27-07-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sheena K T (Audit Officer, On 20-07-2021)<br>Last Updated By: Sheena K T (Audit Officer, On 27-07-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sheena K T (Audit Officer, On 20-07-2021)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sheena K T (Audit Officer, On 20-07-2021)<br>Last Updated By: Sheena K T (Audit Officer, On 21-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം/തിയതി | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 27-2-2019 | 1 | 170410488 | 1631391255 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 11-3-2020 | 6 | 169710070 | 162490837 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31.07.2020 | 14.05.2019 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15314766 |
| വരവ് | 43034121 |
| ആകെ | 58348887 |
| ചെലവ് | 41013965 |
| നീക്കിയിരിപ്പ് | 17334922 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 15332858 | 15332858 | 8254931 | 7077927 |
| വികസനഫണ്ട്-എസ് സി പി | 0 | 4872294 | 4872294 | 3468926 | 1403368 |
| വികസനഫണ്ട്-ടി എസ് പി | 0 | 29900 | 29900 | - | 29900 |
| മെയിന്റനൻസ്-റോഡ് | 0 | 12419100 | 12419100 | 4676280 | 7742820 |
| മെയിന്റനൻസ്-നോൺറോഡ് | 0 | 3251000 | 3251000 | 1532961 | 1718039 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7418829 | 7418829 | 2173352 | 5245477 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 159 | 61117557 | 45 | 23517036 | 91 | 23 | 38.48 |

### 1-6 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 7680 | 8 |
| കർഷകതൊഴിലാളി പെൻഷൻ | 3160200 | 580 |
| വിധവാ പെൻഷൻ | 5409600 | 986 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 8168100 | 1606 |
| വികലാംഗ പെൻഷൻ | 1587500 | 288 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 430800 | 81 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90,000 | 3 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-07-2021 തീയതിയിൽ 3:30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2010/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3878 | 1132781 | 1136659 | 1135770 | 889 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 16435762 | 16435762 | 16435762 | - |

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാർക്ക് കൃത്യമായ ജോലിവിഭജനം നടത്തിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ നിർവഹണോദ്യോഗസ്ഥരുടെ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല. മീറ്റിംഗ് മിനിറ്റ്സുകൾ ആധികാരികമാക്കി സൂക്ഷിക്കുന്നുണ്ട്.

## 1-10 അടിസ്ഥാന അനുപാതങ്ങൾ,ഗ്രാന്റ് എന്നിവ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2.സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

## 1-11 വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1599056 | 1533510 | 28233 | 42415 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1599056<br>(ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | 1533674<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ | 17295<br>(350410101-Advance Collection-PT On Res. | *42415<br>*(44696/105X100)= 42568<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | | | |
|---|---|---|---|---|
| | | ആർ.പി-43) | Bldg-ന്റെ ലെഡ്ജർ) | ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുകയും മുൻകൂർ ക്രമീകരിച്ച തുകയും പൊരുത്തപ്പെടുന്നില്ല.
2. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-12 വസ്തുനികുതി -റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | ---- | 164 | ---- |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | ----- | ----- | 42568 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (44696/105X100)=42568 |

1.കളക്ഷൻ ,ബാക്കി തുകകൾ പൊരുത്തപ്പെടുന്നില്ല.
2.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ തുക ഡിസിബി സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-13 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ(തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1045330 | 984417 | 11686 | 49609 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1045330 | 984682 | 11632 | 49609 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 52136 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുകയും മുൻകൂർ തുകയും പൊരുത്തപ്പെടുന്നില്ല.
2. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ തുക ഡിസിബി സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-14 വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|

| | | | |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 87874 | 265 | 87874 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 87874<br>(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(15435+76833=92268/105X100) | -----<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | 87874<br>(92268/105X100)=87874, (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ തുക ഡിസിബി സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-15 ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 82216 | 0 | 82216 | 78471 | 8 | 78479 | 1601 | | 2281 | -- | 2531* |
| | നോൺ-റെസിഡൻഷ്യൽ | 52781 | 4394 | 57175 | 49647 | 14 | 49661 | 613 | | 2527 | 4394 | 6945 |
| | ആകെ | | | 139391 | | | 128140 | 2214 | | 9476 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 139391 | | | 128140 | | | | 129915 | 9476 | | |
| | | 4394+134997 (2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101-State Govt.Cess/ Levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 – State Govt. Cess/ Levies. ..... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1. ഡിമാന്റ് തുകകൾ പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ തുക ഡിസിബി സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക്, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പ്രകാരം 128140രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് 129915 രൂപയാണ്.

## 1-16 വസ്തുനികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2020ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 5359 | 183636 |

| | | | |
|---|---|---|---|
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 388 | 50033 |

## 1-17 വസ്തുനികതി -കൃത്യ സമയത്ത് ഡിമാന്റ് എൻടി രേഖപ്പെടുത്തുന്നില്ല

01/04/2019ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻടികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ കഴൂർ ഗ്രാമപഞ്ചായത്തിൽ "110100101 – Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103 – Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണയായി മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു (13/11/19, 31/03/20). ഈ ഡിമാന്റ് എൻടികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻടികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ഇല്ലാത്ത മുൻകൂർ തുക ക്രമീകരിച്ചു

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി -9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2019ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2019-20 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനയ്ക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/03/19ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2019-20ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 7210 | 17295 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 2465 | 11632 |

## 1-19 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58 (2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

## 1-20 ഡി&ഒ രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

ഡി & ഒ രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

| | 2019-20 ൽ മുൻകൂർ ലഭിച്ച തുക |
|---|---|
| രജിസ്റ്റർ പ്രകാരം | 67600 |
| വാർഷിക കണക്ക് പ്രകാരം | 68352 |

## 1-21 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. ആയത് കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2020156 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4311508 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-23 വസ്തുനികുതി-അഡ്വാൻസ് തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 26,850 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ്‌വൗച്ചറുകളും, വർക്ക്ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 280100101 | 1/4/19 | 17295 |

2. നോൺ – റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41900319 | 1/4/19 | 9555 |

## 1-24 സ്റ്റോക്ക് രജിസ്റ്ററിലെ ന്യൂനതകൾ

1. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -14 പ്രകാരം 64,866 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

2. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

## 1-25 എഴുതി തള്ളിയ തുകകൾക്കും,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/03/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101 – Prior Period Income – Property Tax On Residential Buildings | 13660 |
| 280100104 – Prior Period Income -Property Tax On Non Residential Buildings | 9555 |
| 280200201 – Prior Period Income-Licence Fee | (100) |

| | |
|---|---|
| 280800301 – Prior Period – Operation And Maintenance Expenses | 26116 |
| 280800601 – Prior Period – Revenue Grants And Contribution | (6154) |

## 1-26 ജേണൽ വൗച്ചർ-ആധികാരിക രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായി സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-27 തൊഴിൽ നികുതി - നികുതി നിർണ്ണയം നിശ്ചിത സ്ലാബിൽ ആണെന്ന് ഉറപ്പുവരുത്തേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. സ്ഥാപനമേധാവികൾ സമർപ്പിച്ച തൊഴിൽനികുതി റിട്ടേണുകൾ, ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിൽ ഒന്നാം അർദ്ധവർഷത്തിൽ G.U.P.S കുണ്ടൂർ, ഗ്ലോബൽ സർവീസസ്, മോഡി കേക്ക്സ് ആന്റ് കൺഫെക്ഷണറി പ്രൈവറ്റ് ലിമിറ്റഡ് കുഴൂർ എന്നീ സ്ഥാപനങ്ങളിലെ 11 ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിന് ബാധകമായ സ്ലാബിൽ നിന്നും വ്യത്യസ്തമായി നികുതി രേഖപ്പെടുത്തിയിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് (ഓഡിറ്റ് അന്വേഷണം നമ്പർ :4, തീയതി :23/07/2021) കുറവ് വന്ന നികുതിയായ 1750/- രൂപ 23/07/2021 തീയതിയിലെ രസീത് നമ്പർ. 121010100553, 121010100551 എന്നിവ പ്രകാരവും 26/07/2021 തീയതിയിലെ രസീത് നമ്പർ. 121010100559 പ്രകാരവും അടവാക്കി. സ്ഥാപനയുടമകൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന നികുതി വിവരങ്ങൾ നിശ്ചിത സ്ലാബിൽ ഉൾപ്പെടുന്നതാണോയെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-28 വസ്തുനികുതി നിർണ്ണയം-അപാകതകൾ

ജെസ്സി മുതൽപേർ C/o വർഗ്ഗീസ് ചെങ്ങിനിയാടൻ, കുഴൂർ (കെട്ടിട നമ്പർ. XIII/1 B ), എന്നവരുടെ നമ്പറിങ്ങ് ഫയൽ പരിശോധനയിൽ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച വെരിഫിക്കേഷൻ റിപ്പോർട്ടിൽ വാണിജ്യാവശ്യത്തിനുള്ള ടി കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 225.592 $M^2$ എന്നും കംപ്ലീഷൻ പ്ലാനിൽ തറവിസ്തീർണ്ണം 228.20 $M^2$ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ടി കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചിരിക്കുന്നത് (100 $M^2$ ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന വിഭാഗം) ചതുരശ്ര മീറ്ററിന് 50 രൂപാനിരക്കിൽ 225.592 $M^2$ വിസ്തീർണ്ണത്തിനാണ്. പെർമിറ്റ് അനുവദിച്ചിരുന്നത് 180.64 $M^2$ വിസ്തീർണ്ണത്തിന് ആയതിനാൽ കൂടുതലുള്ള 44.952 $M^2$ വിസ്തീർണ്ണത്തിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം റഗുലറൈസേഷൻ ഫീ ഈടാക്കിയിട്ടുണ്ട്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന്, അസിസ്റ്റന്റ് എഞ്ചിനീയർ സൈറ്റ് പരിശോധന നടത്തുകയും കെട്ടിടത്തിന്റെ വിസ്തീർണ്ണം 230.92 $M^2$ ആണെന്ന് റിപ്പോർട്ട് ചെയ്യുകയും, കുറവ് വന്ന വിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കുന്നതിനും മുൻവർഷങ്ങളിൽ കുറവ് വന്ന നികുതി തുകയും റഗുലറൈസേഷൻ ഫീസും ഉൾപ്പെടെ ഈടാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും സൂചിപ്പിച്ച് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ : 7, തീയതി : 26/07/2021). ആയതിന്റെ തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-29 അംഗീകൃത വാടക ബൈലോ നിലവിലില്ല.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിൽ ഉള്ള കെട്ടിടമുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് അംഗീകൃത ബൈലോ നിലവിൽ ഇല്ലാത്തതാണ്. ബൈലോ തയ്യാറാക്കി അംഗീകൃതമാക്കി പ്രാബല്യത്തിൽ വരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 കന്നുകുട്ടിപരിപാലനം-തുക വിനിയോഗം സംബന്ധിച്ച്

പദ്ധതി നമ്പർ 6/2020

തുക : 312500

തിയ്യതി -24.12.2019
ഫണ്ട് – വികസനഫണ്ട് (പൊതുവിഭാഗം)

ബിൽ റഫറൻസ് നമ്പർ : 19230652016800989479

കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരംഈ പദ്ധതിയിൽ തുടരാത്ത ഗുണഭോക്താക്കളായ ക്രമനമ്പർ 18, ലില്ലിതോമസ് (വാങ്ങിയിട്ടില്ല), ക്രമനമ്പർ 20, മേരിയാക്കോബ് (17.04.21 നശേഷം വാങ്ങിയിട്ടില്ല), ക്രമനമ്പർ 43, ബീനപ്രഭാകരൻ (05.05.2020 ന ശേഷം വാങ്ങിയിട്ടില്ല). പദ്ധതിയിൽ തുടരാത്ത ഗുണഭോക്താക്കൾക്കായി അനുവദിച്ച വിഹിതം SLBP യിൽ നിന്നും തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതിക്കായി നൽകിയ 312500 രൂപയ്ക്ക് എസ്.എൽ.ബി.പിയിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-31 ലൈഫ് ഭവനപദ്ധതി നിർമാണം-ഗുണഭോക്താവിന് പദ്ധതി വിഹിതം അധികം നൽകി.

വി ഇ ഒ കുഴൂർ, നിർവഹണോദ്യഗസ്ഥനായ, പദ്ധതി നം.17/19 – 20, ലൈഫ് ജനറൽ എന്ന പദ്ധതിയിലെ ഗുണഭോക്താവായ, ശ്രീമതി, ഇന്ദിരാദാസൻ, കോഴിപ്പറമ്പിൽ എന്ന ഗുണഭോക്താവിന് പദ്ധതി വിഹിതമായി, താഴെ പറയും പ്രകാരം, 4,60,000/ രൂപാ നൽകിയതായി കാണുന്നു. തുക നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം/തിയതി | ബിൽതുക | ഗുണഭോക്താവിന് കൈമാറിയ തുക |
|---|---|---|
| 17/11-7-19 | 8,20,000 | 2,00,000 |
| 27/27-8-19 | 1,60,000 | 1,00,000 |
| 40/19-10-19 | 1,60,000 | 1,60,000 |
| | ആകെ | 4,60,000 |

അധികം നൽകിയ പദ്ധതി വിഹിതം, 60,000/ രൂപാ ഗുണഭോക്താവിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

## 1-32 മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997 – ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം – 18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012 –ലെ ജി.ഒ.(പി)നം.13/12/പിഡബ്ല്യൂഡി –ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ല്യൂഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012 – ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ – ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ല്യൂഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013 – ലെ ജി.ഒ.(പി)നം. 36/13/പിഡബ്ല്യൂഡി – ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014 –ലെ ജി.ഒ.(എം.എസ്) നം. 74/14/തസ്വഭവ – ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015 – ലെ ജി.ഒ.(പി)നം. 375/15/ധന – ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന- ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന – ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു.

07.05.2014 – ലെ ജി.ഒ.(എം.എസ്) നം.74/14/തസ്വഭവ – ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു.

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡി മാന്വൽ, മേൽസൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്.

ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 01/20.07.21.)

## 1-33 എസ്റ്റിമേറ്റ് ,സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കാതെയും കരാറിലേർപ്പെടാതെയും തുക നൽകി

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കാതെയും കരാറിലേർപ്പെടാതെയും കെ.എസ്.ഇ.ബി നല്കിയ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ മാത്രം തുക നൽകി.

| ക്രമ നം. | പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ/ചെക്ക് നമ്പർ/വൗച്ചർ നമ്പർ | തീയതി | തുക | |
|---|---|---|---|---|---|
| 1 | 92/20 സ്ട്രീറ്റ് ലൈൻ മെയിൻ വലിക്കൽ | 23/219009909 | 11/12/2019 | 4,41,928 | |
| | | 29 | 29/2/20 | 69,600 | |
| | | 0874828 | 19/3/20 | 50,000 | |
| | | 0874829 | 19/3/20 | 50,000 | |
| 2 | 179/20-കോട്ടപ്പടി തൈവാലത്ത് റോഡ് - സ്ട്രീറ്റ് ലൈൻ മെയിൻ | 28 | 29/2/20 | 49,000 | ഈ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഈ തുക ഡെപ്പോസിറ്റ് ആയി നല്കിയപ്പോൾ "460500202-Advance To Implementing Agencies-Deposit With Kerala Electricity Board" എന്ന ശീർഷകത്തിലല്ല ഡെബിറ്റ് ചെയ്തിരിക്കുന്നത്. |

നിലവിൽ ഈ പ്രവൃത്തികൾ പൂർത്തീകരിച്ചതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കാതെയും കരാറിലേർപ്പെടാതെയും തുക നല്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-34 പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട കാര്യങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ- നിയമവിരുദ്ധമായി ജി എസ് ടി ഈടാക്കി- 51431 രൂപ തടസ്സപ്പെടുത്തുന്നു.

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("*(Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods ) Provided To The Central Government,State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution")*. ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (Xiv) പ്രകാരം ഗ്രാമീണ വൈദ്യുതവൽക്കരണം, വൈദ്യുതി വിതരണം എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു. താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റിൽ പഞ്ചായത്ത് തെരുവുവിളക്കുകളുടെ വാർഷിക മെയിന്റനൻസിന് തുക നല്കുന്നു. സാധനങ്ങൾ പഞ്ചായത്ത് സപ്ലൈ ചെയ്യുന്നു. ക്വട്ടേഷൻ പ്രകാരം ഓരോ ഇനത്തിനും നിരക്ക് + ജി എസ് ടി എന്ന രീതിയിലാണ് തുക ക്വാട്ട് ചെയ്തിരിക്കുന്നത്. 27/12/2018 പ്രകാരമുള്ള കരാറിൽ 4 നമ്പർ വ്യവസ്ഥയായി തെരുവുവിളക്കുകൾ റിപ്പയർ ചെയ്യുന്നതിനാവശ്യമായ ബൾബ്, ട്യൂബ് മുതലായ ഇനങ്ങൾ പഞ്ചായത്തിൽ നിന്നും വിതരണം ചെയ്യുന്നതാണ് എന്ന് ചേർത്തിട്ടുണ്ട്. കരാറുകാരനായ ശ്രീ സ്റ്റീഫൻ കെ.എ, പൊയ്യ സമർപ്പിച്ച ബില്ലുകളിൽ നിന്നും സേവനത്തിനുള്ള തുകയാണ് (Work Contract, Composite Supply അല്ല) നൽകിയിരിക്കുന്നത് എന്ന് കാണുന്നു. പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതക്കാണ് കരാറുകാരൻ ബില്ല് നല്കിയിരിക്കുന്നതെങ്കിലും 6% വീതം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് ബില്ല് നല്കിയിരിക്കുന്നതായും ആ തുക പഞ്ചായത്ത് നല്കിയതായും കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| പ്രോജക്റ്റ് | ജി.എസ്.ടി ബിൽ നമ്പർ | തീയതി | സേവന മൂല്യം | കേന്ദ്ര ജി.എസ്.ടി | സംസ്ഥാന ജി.എസ്.ടി | ആകെ ബിൽ തുക | ബില്ലിൽ പരാമർശിച്ചിട്ടുള്ള വിവരം | ട്രഷറി ബിൽ നമ്പർ/ ചെക്ക് നമ്പർ | തീയതി |
|---|---|---|---|---|---|---|---|---|---|
| 5/20-തെരുവു വിളക്കുകൾക്ക് AMC | 2 | 10/5/19 | 114260 | 6855.60 | 6855.60 | 127971 | *Working Charge* For Street | 4 | 24/6/19 |
| കരാറുകാരൻ:ശ്രീ സ്റ്റീഫൻ.കെഎ, പൊയ്യ, | 4 | 2/8/19 | 127310 | 7639 | 7639 | 142588 | Light Fitting In | 9 | 11/10/19 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| GST-32BTPPS5092H1Z7 ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട്. (SGST, CGST 6% വീതം) | | | | | | | Ward ..... At Kuzhur Gramapa Nchayath | | |
| | 6 | 6/11/19 | 26100 | 1566 | 1566 | 29232 | | 16 | 18/11/19 |
| | 8 | 10/12/19 | 160910 | 9655 | 9655 | 180220 | | 6130127 | 10/3/20 |
| ആകെ | | | 428580 | 25715.60 | 25715.60 | 480011 | | | |

മേൽ പ്രകാരം (25715.60+25715.60)=51431 രൂപ ജി എസ് ടി ഇനത്തിൽ കൂടുതലായി കരാറുകാരന് നൽകിയതിനാൽ പഞ്ചായത്ത് ഫണ്ടിന് 51431 രൂപയുടെ നഷ്ടം ഉണ്ടായതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കരാറുകാരൻ സർക്കാരിലേക്ക് തുക നൽകിയതിനാൽ ഏതെങ്കിലും തരത്തിൽ നഷ്ടം ഉണ്ടായിട്ടില്ലെന്നും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു. പഞ്ചായത്തിന്റെ വികസനപ്രവർത്തനത്തിന് നേരിട്ട് ഉപയോഗിക്കാൻ സാധിക്കുമായിരുന്ന ഈ തുക ജി.എസ്.ടി ഇനത്തിൽ നൽകിയത് സംബന്ധിച്ച് പഞ്ചായത്തിന്റെ മറുപടി ലഭ്യമാക്കുന്നത് വരെ 51431 രൂപ തടസ്സപ്പെടുത്തുന്നു.

## 1-35 ആശ്രയ ഭവനം മെയിന്റനൻസ്- അസി.എഞ്ചിനീയറുടെ വാല്യുവേഷൻ ഇല്ലാതെ തുക നൽകി-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

വി.ഇ.ഒ, കുഴൂർ നിർവഹണോദ്യഗസ്ഥനായ, പദ്ധതി നം.16/19-20, ആശ്രയ ഭവനം മെയിന്റനൻസ് എന്നതിൽ, ശ്രീ.നാരായണൻകുട്ടി, കമരപ്പറമ്പിൽ എന്ന ഗുണഭോക്താവിന്, വീട് അറ്റകുറ്റപ്പണികൾക്കായി, 20,000/- രൂപാ നൽകിയിട്ടുണ്ട്. (ബിൽ നം.239/20-3-2020, തുക-20,000/-) എന്നാൽ അസി.എഞ്ചിനീയറുടെ വാല്യുവേഷൻ ഇല്ലാതെയാണ് മേൽ തുക നൽകിയിരിക്കുന്നത്. വാല്യുവേഷന്റെ അഭാവത്തിൽ ചെലവ് തുക, 20,000/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 പൊതുവിഭാഗത്തിന് നല്കിയ വായ്പയിലേക്ക് എസ് സി പി ഫണ്ടിൽ നിന്നും തിരിച്ചടവിന് തുക കുറവ് ചെയ്തു

ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന വികസന ഫണ്ടിൽ (എസ്.സി.പി) നിന്ന് താഴെ ചേർത്തിരിക്കുന്ന രീതിയിൽ ലൈഫ് ഭവന പദ്ധതിയുടെ വായ്പ തിരിച്ചടവിലേക്ക് തുക കിഴിവ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് | വികസനഫണ്ട്, അതിൽ നിന്നും കിഴിവ് നടത്തിയ ഉത്തരവ് | ഹഡ്കോ വായ്പ ഇനത്തിൽ കിഴിവ് നടത്തിയ തുക. വികസനഫണ്ട് (എസ്.സി.പി) |
|---|---|---|---|
| 1 | 188-ലൈഫ് വായ്പ മുതൽ തിരിച്ചടവ് | സ.ഉ (സാധാ.)6105/2019/ ധന തീ 1/8/2019 | 7353 |
| 2 | 191-സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) ഹഡ്കോ വായ്പ | സ.ഉ(സാധാ.)10050/2019/ ധന തീ 21/12/2019 | 7353 |

എന്നാൽ ലൈഫ് പദ്ധതിക്കായി SCP ഇനത്തിൽ ഹഡ്കോ വായ്പയിൽ നിന്നും വിഹിതം വെച്ചതായോ തുക ചെലവഴിച്ചതായോ കാണുന്നില്ല (2017-18 മുതൽ 2020-21 വരെ). എസ് സി പി പ്രോജക്റ്റിൽ വായ്പ വിഹിതം ഇല്ലാത്തതിനാൽ പഞ്ചായത്തിന്റെ വികസന ഫണ്ട് എസ്.സി.പി ഇനത്തിൽ നിന്ന് പൊതുവിഭാഗത്തിന് നൽകിയ വായ്പയിലേക്ക് തിരിച്ചടവിനുള്ള കിഴിവ് നടത്തിയ തുക തിരികെ ലഭിക്കുന്നതിന് ഈ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരുമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഉടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ലൈഫ് ഭവനപദ്ധതി നിർമാണം-ഗുണഭോക്താവിന് പദ്ധതി വിഹിതം അധികം നൽകി.

വി.ഇ.ഒ കഴൂർ, നിർവഹണോദ്യോഗസ്ഥനായ, പദ്ധതി നം.17/19-20, ലൈഫ് ജനറൽ എന്ന പദ്ധതിയിലെ ഗുണഭോക്താവായ, ശ്രീമതി, ഇന്ദിരാദാസൻ, കോഴിപ്പറമ്പിൽ എന്ന ഗുണഭോക്താവിന് പദ്ധതി വിഹിതമായി, താഴെ പറയും പ്രകാരം, 4,60,000/- രൂപാ നൽകിയതായി കാണുന്നു. തുക നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം/തിയതി | ബിൽതുക | ഗുണഭോക്താവിന് കൈമാറിയ തുക |
|---|---|---|
| 17/11-7-19 | 8,20,000 | 2,00,000 |
| 27/27-8-19 | 1,60,000 | 1,00,000 |
| 40/19-10-19 | 1,60,000 | 1,60,000 |
| | ആകെ | 4,60,000 |

അധികം നൽകിയ പദ്ധതി വിഹിതം, 60,000/- രൂപാ ഗുണഭോക്താവിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 500000 | ലൈഫ് | 0 | 500000 |
| | | 200000 | സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 56000 | ആശ്രയ | - | 56000 |
| | | 200000 | സ്കോളർഷിപ്പ് | 200000 | - |
| | | 150000 | പാലിന് സബ് സിഡി | 150000 | - |
| | | 100000 | തെരുവ് വിളക്ക് | 100000 | - |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | 611528 | 611528 | - |
| കെ.എസ്.ഇ.ബി | കൊട്ടാരപ്പടി തൈവാലത്ത് റോഡിൽ സ്ട്രീറ്റ് മെയിൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 49000 | 49000 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്നതുക | തൻവർഷം തിരിച്ചടച്ച തുക (റീഫണ്ട് ഉൾപ്പെടെ) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഹഡ്കോ | | 4040000 | 4258167 | റീഫണ്ട് - 218169 വായ്പ | 3716470 |

| | | | | | |
|---|---|---|---|---|---|
| | | | | തിരിച്ചടവ്-323530 ആകെ-541697 | |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക നമ്പർ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | ഈടാക്കിയ തുക | രശീതി നം/തീയതി |
|---|---|---|---|---|
| 2018-19 | | രമ്യാ രവീന്ദ്രൻ, ലാബ് അസിസ്റ്റന്റ്, ജി.എച്ച്.എസ്.എസ് ഐരാണിക്കുളം | 250 | 119010101906, 30-10-2019 |
| 2016-17 | | വി.എം.ഗോപാൽ, ജാനകീസൗധം | 100 | 119010103823, 4-2-2020 |
| 2017-18 | | മോഹനൻ കുന്നപ്പിള്ളി, കളരിക്കൽ | 350 | 119010104911, 25-3-2020 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കിയില്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43034121 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 41013965 |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 60000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 71431 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് തുക | സർചാർജ്ജ് തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 60000 | നിഖിൽ.പി.വി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുഴൂർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 51431 | ശ്രീ.സുനിൽകുമാർ.കെ.യു, സെക്രട്ടറി |
| 1-35 | 20000 | ശ്രീ.നിഖിൽ.പി.വി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുഴൂർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് | സ്ഥിരം |
|---|---|---|

| | നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| നിഖിൽ.പി.വി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുഴൂർ | പാറപ്പറമ്പിൽ ഹൗസ്, മാള, പള്ളിപ്പുറം |
| സുനിൽകുമാർ.കെ.യു, സെക്രട്ടറി | സെക്രട്ടറി, കുഴൂർ ഗ്രാമപഞ്ചായത്ത് | കൃഷ്ണമന്ദിരം, മേക്കാട്. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1969-70,1974-75 മുതൽ 1994-95 വരെ | എൽ.എഫ്.ടി.12-1310/96 തീയതി 29-11-1996 | |
| 1995-96 | എൽ.എഫ്.ടി.12-1926/97 തീയതി 11-03-1998 | |
| 1996-97 | എൽ.എഫ്.ടി.12-1941/97 തീയതി 21-07-1998 | |
| 1997-98 | എൽ.എഫ്.ടി.13 698/99 തീയതി 24-01-2000 | |
| 1998-99 | എൽ.എഫ്.ടി.പി4-184/14/14.3.14/ 3.5.14 | 16 |
| 1999-2000 | | 7 |
| 2000-01 | | 4 |
| 2001-02 | | 3 |
| 2002-03 | | 7 |
| 2003-04 | | 4 |
| 2004-05 | | 4 |
| 2005-06 | | 6 |
| 2006-07 | | 14 |
| 2007-08 | എൽ.എഫ്.ടി.13-640/10 തീയതി 31-03-2011 | |
| 2008-09 | എൽ.എഫ്.ടി.പി.14-1259/11 തീയതി 17-10-2011/18-05-12 | |
| 2009-10 | എൽ.എഫ്.ടി.പി.14-1260/11 തീയതി 17-10-2011/18-05-2012 | |
| 2010-11 | എൽ.എഫ്.ടി.പി.4-2156/12 തീയതി 05-02-2013/12-04-2013 | |
| 2011-12 | എൽ.എഫ്.ടി.പി.4-1401/13 തീയതി 09-12-13/13-01-2014 | |
| 2012-13 | എൽ.എഫ്.ടി.പി.4-1424/2014 തീയതി12-01-15/12-03-15 | |
| 2013-14 | നം കെ.എസ്.എ. ടി.എസ്.ആർ.പി. 4- 1327/2015 /3.11.15 | |
| 2014-15 | നം കെ.എസ്.എ. ടി.എസ്.ആർ.(പി.4) 1211/16 തിയതി 24.7.16 | |
| 2015-16 | നം കെ.എസ്.എ. ടി.എസ്.ആർ.(പി.4)92/17തിയതി 27.1.17 | |
| 2016-17 | നം കെ.എസ്.എ. ടി.എസ്.ആർ.(പി.4)/1227/17 തിയതി 31.07.17 | |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ(പി4)/730/19 തിയ്യതി. 13.06.19 | |

| | | |
|---|---|---|
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ(പി4)/1754/2019<br>തിയതി. 16/12/2019 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കുഴൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കുഴൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്